**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ഹോർട്ടികോർപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കഴിഞ്ഞ വർഷം ഇതേ സമയത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ പച്ചക്കറിയുടെ വില വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ വിപണിയിൽ അമിതമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പ് 78 സ്വന്തം സ്റ്റാളുകൾ വഴിയും 192 ലൈസൻസി സ്റ്റാളുകൾ വഴിയും 24 മൊബൈൽ യൂണിറ്റുകൾ മുഖേനയും പൊതു വിപണിയെക്കാൾ വിലകുറച്ച് ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിക്ക് പകരം ഹോർട്ടികോർപ്പ് അയൽ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി സംഭരണം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സവാള, ഉരുളകിഴങ്ങ്, തക്കാളി എന്നിവയും കേരളത്തിൽ വേണ്ടത്ര ഉൽപ്പാദിപ്പിക്കപ്പെടാത്തതും ഇതര സംസ്ഥാനങ്ങളിൽ ലഭ്യമാകുന്നതുമായ അമര, കത്തിരി, പച്ചമുളക്, മുരിങ്ങയ്ക്ക, മല്ലിയില, കറിവേപ്പില പേയൻകായ് തുടങ്ങിയ 20-ൽ അധികം പച്ചക്കറികളും മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും നേരിട്ടും തമിഴ് നാട്ടിലെ കാർഷിക വ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്നുണ്ട്. സംഭരണം കൂടുതൽ സുതാര്യം ആക്കുന്നതിനായി തമിഴ് നാട് കാർഷിക വ്യാപാര വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ എഫ്.പി.ഒ മുഖേന പച്ചക്കറി കർഷകരിൽ നിന്നും നേരിട്ട് കരാർ ഒപ്പ് വച്ച് സംഭരണം നടത്തുന്നുണ്ട്. |
| (സി) | ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള<br><br>ശുപാർശ നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപികരിക്കുകയും പ്രസ്തുത കമ്മിറ്റി ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | | സമർപ്പിക്കുകയും അതിലെ നിർദ്ദേശങ്ങളനുസരിച്ച്, താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1. 2011-16 കാലയളവിൽ അധിക ജീവനക്കാർ മൂലം ഉണ്ടാകുന്ന അധികചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 2020-21 ലെ 596 താൽക്കാലിക ജീവനക്കാരിൽ നിന്നും 2023-24 ൽ താൽക്കാലിക ജീവനക്കാരുടെ എണ്ണം 435 ആയി ക്രമപ്പെടുത്തിട്ടുണ്ട്.<br><br>2. കർഷകരിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾക്ക് പരമാവധി വേഗത്തിൽ തുക വിതരണം ചെയ്തുവരുന്നു. 2024 മാർച്ച്  വരെയുള്ള സംഭരണ വില വിതരണം ചെയ്തു കഴിഞ്ഞു.<br><br>3. 2012-13 മുതൽ മുടങ്ങി കിടന്നിരുന്ന ഓഡിറ്റ് കണക്കുകൾ 2020-21 വരെയുള്ളത് അന്തിമമാക്കിയിട്ടുണ്ട്.<br><br>4. ഹോർട്ടികോർപ്പിന്റെ സാമ്പത്തിക നഷ്ടം 2020-21 ൽ 7,59,36,264 രൂപ ആയിരുന്നത് 2023-24 ൽ 1,47,46,510 ആയി കുറയ്ക്കാൻ സാധിച്ചു.<br><br>5. ഹോർട്ടികോർപ്പിന്റെ സർവ്വീസ് റൂളും, സ്റ്റാഫ് പാറ്റേണും തയ്യാറാക്കുന്നതും സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>6. അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിനായി ടാലി സോഫ്റ്റ് വെയർ സ്ഥാപിച്ച് ജില്ലകളിൽ നിന്നുള്ള കണക്കുകൾ ഹെഡ് ഓഫീസിലേക്ക് കേന്ദ്രീകരിച്ച് തൽസമയം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു.<br><br>7. കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരെ ജില്ലാ മാനേജറായി നിയമിച്ചതു വഴിയുണ്ടായ  അധിക ചെലവ് ഒഴിവാക്കുന്നതിനായി അതാത് ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ( മാർക്കറ്റിംഗ്) ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജരുടെ അധിക ചുമതല നൽകിയിട്ടുണ്ട്.<br><br>8. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പില്ലാക്കണം എന്ന നിർദ്ദേശത്തിനനുസരിച്ച് ഹോർട്ടികോർപ്പിൽ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ